# 4

# പിറന്ന നാടിൻ പെരുമയിൽ



മറ്റേതു നാട്ടിൽപ്പറിച്ചുനട്ടാലുമെൻ
പൊട്ടിയ നാരായവേരിന്റെയറ്റത്തു
പൊട്ടിച്ചിനച്ചു തഴയ്ക്കാൻ കൊതിപ്പു ഞാൻ.
മങ്ങാതെയുണ്ടെൻ മനസ്സിലെന്നാളുമീ
മണ്ണിൽക്കിളിർക്കും കിനാക്കളും പൂക്കളും.

മറുനാട്ടിൽനിന്ന്
(എൻ. കെ. ദേശം)

**ഏതൊരു മലയാളിയുടെയും ദേശസങ്കല്പമല്ലേ കവി അവതരിപ്പിച്ചിരിക്കുന്നത്? വിശകലനം ചെയ്യുക.**



*നീരാവിയിലെ നീര് പോലെ*
*ഓരോ എഴുത്തിലും*
*ഒരു നാടൊളിച്ചിരിക്കുന്നു.*

# ദേശവും എഴുത്തും



## തട്ടകം

**(കോവിലൻ)**

കിഴക്കുംമുറിയിൽ കുന്നുകളുടെ ഒരു നികന്ന നിര. തെക്കേ അറ്റത്ത് തേട്ടിക്കുന്ന്. വടക്ക് ചെറുകുന്ന്. തേട്ടിക്കുന്നിന്റേയും ചെറുകുന്നിന്റേയും മധ്യത്തിൽ പുല്ലാനിക്കുന്ന്. കുന്നുകളുടെ താഴ്‌വരയിൽ ഇരുട്ടടച്ച് കവുങ്ങിൻതോപ്പുകൾ. താഴെ കൊയ്ത്തുകഴിഞ്ഞ് ഉഴുതുലർന്ന ഒരൊടി നിലം. ആൽത്തേരിപ്പാടം. പാടത്തിനപ്പുറത്ത് തെങ്ങിൻതോപ്പുകളായി. പഞ്ചാരമണൽപ്പരപ്പിൽ നാടാകെ നിറഞ്ഞ തെങ്ങിൻതോപ്പുകൾക്കിടയിലൂടെ തോടുകൾ, കുണ്ടനിടവഴികൾ.

* * * * *

ആർത്താറ്റുപാടത്തെ നീർച്ചാലുകൾ കൈത്തോടുകളായി. കൈത്തോടുകൾ അവിടന്നൊന്ന് ഇവിടന്നൊന്ന് ഒത്തുചേരുമ്പോൾ ചെമ്മണ്ണൂർ താഴത്ത് ചൊവ്വല്ലൂത്തോടായി. കാട്ടുപാടത്തെത്തുമ്പോൾ ഇടത്തോട്ട് തിരിഞ്ഞ് തെക്ക് തൈക്കാടെത്തുമ്പോൾ വീണ്ടും ഇടത്തോട്ട് തിരിഞ്ഞ് മുപ്പിലിശ്ശേരിപ്പാടത്ത് കൂത്തമ്പലത്തിന് തൊട്ടപ്പുറത്ത് അലതല്ലി തലതല്ലി വലിയതോട്ടിൽ ചേർന്നണഞ്ഞു. ത്രിവേണി എന്ന് ആരും പറഞ്ഞില്ല, മൂന്നോട്. കൂലംകുത്തുന്ന സംഗമത്തിൽ നിരന്തരം ഉരുവപ്പെടുന്ന നീർച്ചുഴിയിൽ കിഴക്കേക്കരയിലെ കണ്ടങ്ങൾക്ക് വരമ്പിടിഞ്ഞു. മൂന്നോടിന്നക്കരെ മണപ്പുറം തെളിഞ്ഞു.

## കൊച്ചരേത്തി

**(നാരായൻ)**

പെലത്തിന്റെ - കൃഷിയുടെ - നടുവിൽ ഒരു മരുതിൻചുവട്ടിലാണു കഞ്ഞിപ്പെര. മരുതിനു മുകളിൽ ഏറുമാടവും.

കൊച്ചുരാമൻ കഞ്ഞിപ്പെരയിൽ കടന്നു. വാരിയിൽ തൂക്കിയിട്ടിരുന്ന മുളംകുറ്റിയെടുത്തു. അതിൽനിന്നും ഉണങ്ങിയ പനമ്പഞ്ഞിയും ഒരുകഷണം ഉരുക്കും. അടുപ്പിലെ കരിക്കട്ടകൾ ഊതി ചാരം കളഞ്ഞു ചേർത്തുവച്ചു അടുത്തുണ്ടായിരുന്ന ഉരുളൻ വെള്ളാരൻകല്ല് പൊടി തുടച്ചു. കൈയിലിട്ടു തിരുമ്മി ചൂടാക്കിയ പനമ്പഞ്ഞി കരിക്കട്ടകൾക്കിടയിലാക്കി. പഞ്ഞിയോടു ചേർത്തുപിടിച്ച വെള്ളാരൻകല്ലിൽ ഉരുക്കുകഷണം ശക്തിയായിട്ടുരച്ചു. പാറിവീണ തീപ്പൊരികൾ പഞ്ഞിയിൽ പടർന്നു, മെല്ലെയൂതി തീപെരുക്കി. അപ്പോഴേക്കും കുഞ്ഞാദിച്ചൻ രണ്ടു മുളങ്കുറ്റികൾ നിറയെ വെള്ളം കൊണ്ടുവന്നു. പഴയ മൺകലത്തിൽ ഒരുപിടി അരി കഴുകിയിട്ട് അടുപ്പത്താക്കി.

ഏറുമാടത്തിന് അല്ലറ ചില്ലറ പണികൾ ബാക്കിയുണ്ട്.

കീറിയുണക്കി ചുരുളായിക്കെട്ടിയ, ചൂരൽവള്ളിയുമായി, കുഞ്ഞാദിച്ചൻ പുറത്തിറങ്ങി. മരത്തിൽ ചേർത്തുകെട്ടിയ കല്ലൻമുളയേന്തി, അതിന്റെ കമ്പുകൾ, വാക്കത്തി മാടുകൊണ്ടു തട്ടിനോക്കി. കുഞ്ഞാദിച്ചൻ മുകളിലോട്ടു കയറി. പുറകെ കൊച്ചുരാമനും.





## അമ്മയെ കാണാത്തവന്റെ കാർമേഘങ്ങൾ

**(യു. എ. ഖാദർ)**

ജന്മദേശത്തെക്കുറിച്ചുള്ള ചിതറിയ ചിത്രങ്ങളും ആ സങ്കടക്കണികകളും ഒന്നൊന്നായി ഇടവിട്ടിടവിട്ടു കോർത്ത് ഒരു കഥയാക്കുവാനുള്ള എന്റെ ശ്രമങ്ങൾ പരാജയപ്പെടുന്നു. ചോദ്യം മനസ്സിൽ ഊറിക്കൂടുന്നു. ഏതാണ് എന്റെ ദേശം? പെറ്റു വളർന്ന ബർമയിലെ ബില്ലീൻ എന്ന ഗ്രാമമോ? മാപ്പിള എലിമെന്ററി സ്കൂൾ മുതൽ ബോർഡ് ഹൈസ്കൂൾ വരെ പഠിച്ച് 'ഉസ്സാങ്ങാന്റെയകം' എന്ന തറവാട്ടുവീട്ടിൽ ഒറ്റയാനായി കഴിഞ്ഞു വളർന്നു വലുതാവുന്നതിനിടയിൽ, ചവിട്ടിനടന്ന മണൽപ്പാതകളും പള്ളികളും പള്ളിക്കുളങ്ങളും പ്രാകൃതാചാരവിശ്വാസങ്ങളും ജീവിതശീലങ്ങളും സമ്മാനിച്ച കോവിൽക്കണ്ടി ദേശമോ? പെണ്ണും പെടക്കോഴിയും ഞാനെന്ന സ്വത്വത്തിന് മേൽവിലാസവും പെരുമയും കനിഞ്ഞ് സമ്മാനിച്ച എന്റെ വാർധക്യത്തിന് ശയ്യയൊരുക്കിയ തൃക്കോട്ടൂരംശം പാലൂര് ദേശമോ?

എനിക്കറിയുന്നില്ല. ബില്ലീൻ എന്റെ ഹൃദയദേശം. പന്തലായിനിയംശം കോവിൽക്കണ്ടി ദേശവും തൃക്കോട്ടൂരംശം പാലൂര് ദേശവും എന്റെ ജീവിതവിലാസങ്ങളുടെ ദേഹവും ദേഹിയുമായ ഇടങ്ങൾ ഉൾക്കൊള്ളുന്ന ദേശദ്വയം. ഇങ്ങനെ അറുത്തുമുറിച്ചു പറയുവാനും എനിക്കു ശക്തി പോരാ.



## വല്ലി

**(ഷീലാ ടോമി)**

കശുമാമ്പഴത്തിന്റെ വാസന മറഞ്ഞപ്പോൾ നാടെങ്ങും കാപ്പിപ്പൂവിന്റെ നറുമണം പരക്കുകയായി. കരിയില മൂടിയ കുന്നിൻപുറങ്ങളിൽ ഇരുണ്ട കാപ്പിമണികൾ സുവർണ്ണകാലത്തിന്റെ ചെമ്മുത്തു വിതറി. റബ്ബറും കുരുമുളകും ഇഞ്ചിയും മാറിമാറി കുന്നുകയറുമ്പോഴും കുന്നുകൾക്കിടയിൽ പച്ചമഞ്ഞപ്പാടങ്ങൾ നീണ്ടു പരന്നുകിടന്നു. കൈമനെല്ലിന്റെ വാസനയുള്ള കൊയ്ത്തുകാലങ്ങൾ. ചിരട്ടക്കൂനമാതിരി മുളപൊട്ടുന്ന കപ്പക്കൂടങ്ങൾ. കപ്പവാട്ടുകല്യാണത്തിന് പെട്രോമാക്സ് വെളിച്ചത്തിൽ ഒത്തുകൂടുന്ന അങ്ങേക്കുന്നും ഇങ്ങേക്കുന്നും. അന്നെല്ലാം രാവേറെ നീളുന്ന ഉണ്ടക്കണ്ണൻ കുമാരന്റെ നുണക്കഥകൾക്കായി ദേശം ഉറങ്ങാതിരുന്നു. പുഴുങ്ങിവാട്ടി വെയിലത്തുണക്കി പാകമാക്കിയ മരച്ചീനിച്ചീന്തുകൾ മുളമ്പത്തായങ്ങളിലും ചാക്കുകെട്ടുകളിലും കയറിക്കൂടി വിറകടുപ്പിനു മുകളിലെ ചേരുകളിൽ തിങ്ങിഞെരുങ്ങി ദീർഘസുഷുപ്തിയിലാണ്ടു.

പിന്നീടെന്നോ, എങ്ങനെയോ, കുന്നുകൾ ഭൂമിക്കുള്ളിലേക്ക് താണുതാണു പോകാനും പാടങ്ങൾ മാഞ്ഞുമാഞ്ഞുപോകാനും തുടങ്ങിയപ്പോൾ അക്കരയും ഇക്കരയും തമ്മിൽ തമ്മിൽ കാണാണ്ടായി. തമ്മിൽത്തമ്മിൽ അറിയാണ്ടുമായി. ഇന്നുമുണ്ട് കല്ലുവയൽ. പഴങ്കഥകളുടെ കല്ലുവയൽ.



എഴുത്തുകാർ ദേശത്തെ ആവിഷ്കരിച്ചത് പരിചയപ്പെട്ടല്ലോ. അവയുടെ **സവിശേഷതകൾ എഴുതുക.**

- "നെടുതായി വളർന്നുനിൽക്കുന്ന കരിമ്പനക്കൂട്ടങ്ങൾ വല്ല വനദേവതയുടെയും ഘോഷയാത്രയിൽ പിടിക്കപ്പെട്ട പച്ചക്കുടകൾ പോലെ കാണ്മാനുണ്ടായിരുന്നു."

**മാർത്താണ്ഡവർമ്മ (സി. വി. രാമൻപിള്ള)**

- "തെക്കേ അറ്റത്ത് തേട്ടിക്കുന്ന്. വടക്ക് ചെറുകുന്ന്. തേട്ടിക്കുന്നിന്റെയും ചെറുകുന്നിന്റെയും മധ്യത്തിൽ പുല്ലാനിക്കുന്ന്."

**(തട്ടകം)**

ദൃശ്യാനുഭവങ്ങൾ സൃഷ്ടിക്കാൻ ഈ വാക്യങ്ങൾക്ക് സാധിക്കുന്നുണ്ടോ? വർണ്ണനകളിലെ **ഔചിത്യം കണ്ടെത്തി വിശദമാക്കുക.**

കൊച്ചരേത്തി എന്ന നോവൽഭാഗത്ത് സ്വന്തം നാടിനെയും ജനതയെയും ആവിഷ്കരിക്കുവാൻ നാരായൻ ഉപയോഗിക്കുന്ന ദേശമുദ്രകൾ എന്തൊക്കെയാണ്? അവയിൽ പ്രതിഫലിക്കുന്ന ജീവിതപശ്ചാത്തലം വിശകലനം ചെയ്ത് **കുറിപ്പ് തയ്യാറാക്കുക.**

- "ഭാരതപ്പുഴ എന്നും എന്നെ പ്രലോഭിപ്പിച്ചിരുന്നു. കടലും കായലും തോടുമുള്ള എന്റെ ഗ്രാമത്തിനില്ലാത്ത എന്തോ പ്രത്യേകത ആ പുഴയുടെ തീരത്തിനുള്ളതായി തോന്നി."

**വാമൊഴികൾ വരമൊഴികൾ (ഒ.എൻ.വി. കുറുപ്പ്)**

- "ഏതാണ് എന്റെ ദേശം? പെറ്റുവളർന്ന ബർമയിലെ ബില്ലീൻ എന്ന ഗ്രാമമോ? ഞാനെന്ന സ്വത്വത്തിന് മേൽവിലാസവും പെരുമയും കനിഞ്ഞ് സമ്മാനിച്ച എന്റെ വാർധക്യത്തിന് ശയ്യയൊരുക്കിയ തൃക്കോട്ടൂരംശം പാലൂര് ദേശമോ?"

**(യു. എ. ഖാദർ)**

ദേശം വ്യക്തികളിൽ വ്യത്യസ്ത അനുഭവങ്ങളായി മാറുന്നതെങ്ങനെ? സന്ദർഭങ്ങൾ വിശകലനം ചെയ്ത് **നിരീക്ഷണങ്ങൾ അവതരിപ്പിക്കുക.**

- "കുന്നുകൾ ഭൂമിക്കുള്ളിലേക്ക് താണുതാണു പോകാനും പാടങ്ങൾ മാഞ്ഞുമാഞ്ഞു പോകാനും തുടങ്ങിയപ്പോൾ അക്കരയും ഇക്കരയും തമ്മിൽ തമ്മിൽ കാണാണ്ടായി. തമ്മിൽത്തമ്മിൽ അറിയാണ്ടുമായി."

**(വല്ലി)**

ദേശത്തിനുവന്ന മാറ്റം സൂചിപ്പിച്ചത് ശ്രദ്ധിച്ചല്ലോ. നിങ്ങളുടെ ദേശത്തിനുണ്ടായ മാറ്റങ്ങൾ എന്തൊക്കെയാണ്? ആവശ്യമായ വിവരശേഖരണം നടത്തി **നിഗമനങ്ങൾ അവതരിപ്പിക്കുക.**